173357/2019/FC DCTSR

From

30.07.2019

ഡോ ചാക്കോ ജോസ് പി
അസ്സോസിയേറ്റ് പ്രൊഫസർ
സാമ്പത്തിക ശാസ്ത്ര വിഭാഗം
സേക്രഡ് ഹാർട്ട് കോളേജ്, ചാലക്കുടി
(ചെയർപേഴ്സൺ, പുതുക്കാട്റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച് നടത്തിയ സാമൂഹിക ആഘാത പഠന റിപ്പോർട്ട് വിലയിരുത്താൻ ബഹുമാനപ്പെട്ട തൃശ്ശൂർ ജില്ലാ കലക്ടർ രൂപീകരിച്ച സമിതി)

To
ജില്ലാ കലക്ടർ
തൃശ്ശൂർ

01 AUG

മാഡം,

**വിഷയം :** പുതുക്കാട് റെയിൽവേ മേൽപ്പാല നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച് സാമൂഹ്യ പ്രത്യാഘാത യൂണിറ്റ് 'യൂത്ത് സോഷ്യൽ സർവീസ് ഓർഗനൈസേഷൻ , കോതമംഗലം' തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത റിപ്പോർട്ട് വിലയിരുത്തുന്നതിനായി ബഹുമാനപ്പെട്ട തൃശ്ശൂർ ജില്ലാ കലക്ടർ നിയമിച്ച വിദഗ്ധ സമിതിയുടെ അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നു

**സൂചന :** 1. ബഹുമാനപ്പെട്ട തൃശ്ശൂർ ജില്ലാ കളക്ടറുടെ ഉത്തരവ് നമ്പർ DCTSR/4482/2018/E5 തീയതി :10/06/2019

2: 2019 ജൂൺ 24നു ചേർന്ന വിദഗ്ധ സമിതിയുടെ അവലോകന യോഗത്തിന്റെ മിനിട്സ്, 2019 ജൂലൈ 3നു നടന്ന സ്ഥല സന്ദർശനത്തിന്റെയും യോഗത്തിന്റെയും മിനിട്സ്.

സൂചനകളിലേക്കു അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചന (1) ഉത്തരവ് പ്രകാരം വിലയിരുത്തൽ അന്തിമ റിപ്പോർട്ടും യോഗങ്ങളുടെ മിനിട്സ് സഹിതം മേൽ നടപടികൾക്കായി ഇതോടൊപ്പം സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ,

30.7.19

**Dr. Chacko Jose P.**
**Associate Professor of Economics**
**Sacred Heart College**
**Chalakudy**
**Pin-680307, Thrissur, Kerala**

ഡോ ചാക്കോ ജോസ് പി
(സമിതി ചെയർപേഴ്സൺ)

പകർപ്പ്: വിദഗ്ധ സമിതി അംഗങ്ങൾക്ക്, മിനിട്സ് പകർപ്പ് സഹിതം

**RFCT LARR Act 2013 ( The Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act 2013) പ്രകാരം തൃശ്ശൂർ ജില്ലയിൽ മുകുന്ദപുരം താലൂക്കിൽ തൊറവ് വില്ലേജിൽ പുതുക്കാട് റെയിൽവേ മേൽപ്പാല നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കൽ സബന്ധിച്ച് സാമൂഹ്യ പ്രത്യാഘാത യൂണിറ്റ് 'യൂത്ത് സോഷ്യൽ സർവീസ് ഓർഗനൈസേഷൻ, കോതമംഗലം' തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത റിപ്പോർട്ട് വിലയിരുത്തുന്നതിനായി ബഹുമാനപ്പെട്ട തൃശ്ശൂർ ജില്ലാ കളക്ടർ നിയമിച്ച വിദഗ്ദ്ധ സമിതി സമർപ്പിക്കുന്ന അന്തിമ റിപ്പോർട്ട്.**

ബഹുമാനപ്പെട്ട തൃശ്ശൂർ ജില്ലാ കലക്ടറുടെ ഉത്തരവ് നമ്പർ DCTSR/4482/2018 E5 തിയ്യതി 10/06/2019 പ്രകാരം 7 അംഗങ്ങൾ അടങ്ങുന്ന വിദഗ്ദ്ധ സമിതിയെ നിയോഗിക്കുയുണ്ടായി. സമിതി അംഗങ്ങളുടെ വിശദ വിവരം അന്യത്ര ചേർത്തിട്ടുണ്ട്. സമിതിയുടെ ആദ്യ യോഗം 2019 ജൂൺ 24 ന് സ്പെഷ്യൽ തഹസിൽദാർ (എൽ. എ) തൃശ്ശൂർ കോർപ്പറേഷൻ കാര്യാലയത്തിൽ ചെയർപേഴ്സൺ ചാക്കോ ജോസ്. പി. യുടെ അധ്യക്ഷതയിൽ 11 മണിക്ക് ചേർന്നു. സമിതിയിലെ എല്ലാ അംഗങ്ങളും സന്നിഹിതരായിരുന്നു. സമിതി സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിശകലനം ചെയ്തു. റിപ്പോർട്ടിൽ ചില കാര്യങ്ങളിൽ വ്യക്തത ഇല്ല എന്ന് സമിതി വിലയിരുത്തി.

1. 2019 ഫെബ്രുവരി 27-നു പുതുക്കാട് പഞ്ചായത്ത് ഹാളിൽ വെച്ച് നടത്തിയ പൊതു വിസ്താരത്തിന്റെ റിപ്പോർട്ടിൽ പറയുന്നത് പ്രകാരം ബാധിതരായ 15 വ്യക്തികളിൽ ഭൂരിഭാഗം പേരും മേൽപ്പാലത്തിന്റെ അലൈൻമെന്റിൽ മാറ്റം വരുത്തണം എന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ സാമൂഹ്യ പ്രത്യാഘാതപഠന റിപ്പോർട്ടിൽ (പേജ് 30) അലൈൻമെന്റ് അന്തിമമാണെന്ന് ആർ.ബി.ഡി.സി.കെ. അറയിച്ചു എന്ന് മാത്രമേ പ്രസ്താവിച്ചിട്ടുള്ളു. മറ്റ് അലൈൻമെന്റുകൾ പരിഗണിച്ചോ എന്ന് വ്യക്തമല്ല. അതുപോലെ ചില വ്യക്തികൾ അലൈൻമെന്റിൽ വളരെ ചെറിയ മാറ്റം വരുത്തണം എന്ന് ആവശ്യപ്പെട്ടതായി കണ്ടു. ഉദാഹരണത്തിന്, സർവ്വേ നമ്പർ 351/2 താമസക്കാരിയായ ഏഞ്ചൽ മേരി 68 വയസ്സുള്ള വിധവയാണ്. ആരോഗ്യ പ്രശ്നങ്ങൾ ഉള്ളതിനൽ വീടിനടുത്തേക്കു വാഹനം വരുവാൻ റാമ്പ് നിർമിച്ചിരിക്കുന്നു. നിർമ്മാണത്തിനായി ഗെയ്റ്റ് പൊളിക്കുമ്പോൾ റാമ്പിനു ബലക്ഷയം ഉണ്ടാകാൻ ഇടയുള്ളതിനാൽ അലൈൻമെന്റ് 1 മീറ്റർ മുന്നോട്ടു നീക്കണം എന്ന് ആവശ്യപ്പെടുന്നു. ഇത്തരത്തിലുള്ള ആവശ്യങ്ങൾ മറ്റ് പല വ്യക്തികളും മുന്നോട്ടു വെച്ചിട്ടുണ്ട്.

2. നിർദ്ദിഷ്ട റെയിൽവേ മേൽപ്പാലം രണ്ടു റെയിൽവേ ഗേറ്റുകൾക്കിടയിൽ വരും വിധമാണ് വിഭാവനം ചെയ്തിരിക്കുന്നത് എന്ന് സമിതി അംഗമായ പുതുക്കാട് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. അമ്പിളി ശിവരാജൻ സമിതിയെ അറിയിച്ചു. (ഈ വിവരം സാമൂഹ്യ പ്രത്യാഘാത റിപ്പോർട്ടിൽ പ്രതിപാദിച്ചു കണ്ടില്ല).



30/7/19

Dr. Chacko Jose P.
Associate Professor of Economics
Sacred Heart College
Chalakudy
Pin-680307, Thrissur, Kerala

ആയതുകൊണ്ടാണ് അലൈൻമെന്റ് ഇപ്പോൾ ഉള്ളതുപോലെ വന്നത് എന്ന് പഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചു.

3. മറ്റു ചിലർ തങ്ങളുടെ ബാക്കിയാവുന്ന സ്ഥലത്തേക്ക് വഴി നഷ്ടപ്പെടും എന്ന് പരാതിപ്പെട്ടതായി കണ്ടു. എന്നാൽ സാമൂഹ്യപ്രത്യാഘാത പഠന റിപ്പോർട്ടിൽ (പേജ് 30) സർവീസ് റോഡ് ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് ആർ.ബി.ഡി.സി.കെ. അറിയിച്ചു എന്ന് മാത്രമേ പ്രസ്താവിച്ചിട്ടുള്ളു. പരാതി ഉന്നയിച്ചവരുടെ പ്രശ്നങ്ങളെ പറ്റി വിശദമായി പ്രതിപാദിച്ചിട്ടില്ല.

ഇക്കാര്യങ്ങളിൽ വ്യക്തത വരുത്താൻ ആർ.ബി.ഡി.സി.കെ ഉദ്യോഗസ്ഥരോട് സമിതിയുടെ ഫീൽഡ് സന്ദർശന വേളയിൽ ഹാജരാകാൻ ആവശ്യപ്പെട്ടു.

2019 ജൂലൈ 3-ന് 11 മണിക്ക് പുതുക്കാട് റെയിൽവേ മേൽപ്പാലം നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം സമിതി സന്ദർശിച്ചു. സമിതിയിലെ എല്ലാ അംഗങ്ങളും സന്നിഹിതരായിരുന്നു. സമിതിയുടെ ആവശ്യപ്രകാരം ആർ.ബി.ഡി.സി.കെ. ഉദ്യോഗസ്ഥരായ പി. രാജൻ (ഡെപ്യൂട്ടി കലക്ടർ), ശ്രീമതി. ദിവ്യ (മാനേജർ) എന്നിവർ ഹാജരാവുകയും സമിതിയുടെ ഫീൽഡ് സന്ദർശനത്തിൽ പങ്കെടുത്ത് സമിതിയുടെ സംശയങ്ങൾക്ക് മറുപടി തരികയും ചെയ്തു. രണ്ടു കാര്യങ്ങളിലാണ് സമിതി ആർ.ബി.ഡി.സി.കെ. യിൽ നിന്ന് വിശദീകരണം തേടിയത്. (1) സാധ്യമായ എല്ലാ അലൈൻമെന്റുകളും പരിഗണിച്ചതിനു ശേഷമാണോ അന്തിമ അലൈൻമെന്റ് തീരുമാനിച്ചത് എന്നതാണ്. മറ്റു സധ്യതകൾ പരിഗണിച്ചു എന്നും രണ്ടു ലെവൽ ക്രോസിങ്ങുകൾക്കു മധ്യേയാണ് നിർദിഷ്ട റെയിൽവേ മേൽപ്പാലം എന്നതിനാൽ ഇതിനു പരിമിതികൾ ഉണ്ട് എന്നും അവർ അറിയിച്ചു. (2) മേൽപ്പാല നിർമ്മാണത്തിനുശേഷം വീടുകളിലേക്കും അവശേഷിക്കുന്ന ഭൂമിയിലേക്കും സുഗമമായ യാത്ര സൗകര്യം ഉണ്ടാകുമോ എന്നതാണ്. ഗതാഗത സൗകര്യത്തിനു സർവ്വീസ് റോഡുകൾ ഉണ്ടാകുമെന്ന് അവർ അറിയിച്ചു. സാമൂഹ്യ പ്രത്യാഘാത റിപ്പോർട്ടിനൊപ്പം ചേർത്തിട്ടുള്ള നിർദ്ദിഷ്ട പദ്ധതിയുടെ ഭൂപടം (പേജ് 31) വളരെ ചെറുതും അവ്യക്തവും ആയതിനാൽ ഭൂപടത്തിന്റെ ഒരു പതിപ്പ് ആർ.ബി.ഡി.സി.കെ. യോട് ആവശ്യപ്പെട്ടിരുന്നു. ആയതിന്റെ ഒരു ഇലക്ട്രോണിക്ക് പതിപ്പ് ഇ-മെയിൽ വഴി ലഭ്യമാക്കി.

സന്ദർശന ശേഷം സമിതി യോഗം ചേരുകയും സമിതിയുടെ അന്തിമ കരട് റിപ്പോർട്ട് ചർച്ച ചെയ്യുകയും ചെയ്തു. അന്തിമ റിപ്പോർട്ട് തയ്യാറക്കി സമർപ്പിക്കാൻ ചെയർപേഴ്സൺ ചാക്കോ ജോസ് പി.യെ ചുമതലപ്പെടുത്തുകയും ചെയ്തു.



30/7/19

Dr. Chacko Jose P.
Associate Professor of Economics
Sacred Heart College
Chalakudy
Pin-680307, Thrissur, Kerala

**വിദഗ്ദ്ധ സമിതി താഴെ പറയുന്ന വസ്തുതകൾ സമർപ്പിക്കുന്നു.**

1. പുതുക്കാട് റെയിൽ മേൽപ്പാലത്തിന്റെ നിർമ്മാണത്തിനായി ഏകദേശം 83.90 ആർസ് ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. പ്രസ്തുത ഭൂമിയ്ക്ക് 15 ഭൂഉടമകൾ ഉണ്ട്.

2. പദ്ധതിമൂലം ഉണ്ടാകുന്ന പ്രധാന നഷ്ടങ്ങൾ ഇവയാണ്.

   ഒരു വ്യക്തിയുടെ രണ്ടു നില വീട് പൂർണ്ണമായും ഉപയോഗശൂന്യമാകും. ഒരു വീടിന്റെ അടുക്കള ഭാഗം നഷ്ടപ്പെടും. 55 വർഷമായി പ്രവർത്തിക്കുന്ന മെഴുകുതിരി നിർമ്മാണ യൂണിറ്റ് നഷ്ടപ്പെടും. ഇതിനു പുറമെ മതിൽ, ഗെയ്റ്റ്, മോട്ടോർ ഷെഡ്, ഫല വൃക്ഷങ്ങൾ, മറ്റു വൃക്ഷങ്ങൾ, കൃഷിക്കായുള്ള ജലസേചന സൗകര്യങ്ങൾ, ജല സ്രോതസ്സുകൾ തുടങ്ങിയവയും നഷ്ടപ്പെടും. ഇതുമൂലം മിക്ക കുടുംബങ്ങൾക്കും ഭൂമിയിൽനിന്നുള്ള ആദായം നഷ്ടമാകും.

3. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ അന്തിമ രേഖയിൽ പതിനൊന്നാം അധ്യായത്തിൽ പദ്ധതിയുടെ നേട്ടങ്ങളും നഷ്ടങ്ങളും പ്രതിപാദിച്ചിട്ടുണ്ട്.

   RFCT LARR Act 2013 സെക്ഷൻ 7 പ്രകാരം, സമിതി അംഗങ്ങൾ താന്താങ്ങളുടെ വൈദഗ്ധ്യം ഉപയോഗിച്ച് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന അന്തിമ രേഖ വിലയിരുത്തുകയും, ചർച്ച ചെയ്യുകയും, സ്ഥല സന്ദർശനം നടത്തുകയും ചെയ്തതിന്റെ വെളിച്ചത്തിൽ താഴെ പറയുന്ന ശുപാർശകൾ സമർപ്പിക്കുന്നു.

a. പുതുക്കാട് റെയിൽവേ സ്റ്റേഷൻ ലെവൽ ക്രോസിങ്ങിനും തെക്കേ തൊറവ് 'ചങ്ങല ഗെയ്റ്റ്' ലെവൽ ക്രോസിങ്ങിനും മധ്യേയാണ് നിർദ്ദിഷ്ട റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നത്. ഇതുമൂലം ഇരു ഗെയ്റ്റുകളിലും അനുഭവപ്പെടുന്ന ഗതാഗത കുരുക്കിനും അനുബന്ധ മലിനീകരണ പ്രശ്നങ്ങൾക്കും പരിഹാരമാകും.

b. സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റായ 'യൂത്ത് സോഷ്യൽസർവ്വീസ് ഓർഗനൈസേഷൻ, കോതമംഗലം' സമർപ്പിച്ച സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന അന്തിമരേഖയിൽ പ്രതിപാദിച്ചിട്ടുള്ള വസ്തുതകൾ ശരിയാണെന്നു ബോധ്യപ്പെട്ടു.

c. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ അന്തിമ രേഖയിൽ (പേജ് 28, 40, 59) ശ്രീ. സി.ജെ. ജനാർദ്ദനൻ എന്ന വ്യക്തി പൊതു വിസ്താരത്തിന് രജിസ്റ്റേർഡ് കത്ത് മുഖാന്തിരം അറിയിച്ചെങ്കിലും എത്തിച്ചേർന്നില്ല എന്ന് പ്രസ്താവി



30/7/19
Dr. Chacko Jose P.
Associate Professor of Economics
Sacred Heart College
Chalakudy
Pin-680307, Thrissur, Kerala

ച്ചിരുന്നു. ഫോൺ വഴിയും ബന്ധപ്പെടാനും സാധിച്ചില്ല. സമിതി ഇദ്ദേഹത്തിന്റെ സ്ഥലം സന്ദർശിക്കുമ്പോൾ ശ്രീ. സി.ജെ. ജനാർദ്ദനൻ അവിടെ വരികയും സമിതി അംഗങ്ങളോട് സംസാരിക്കുകയും ചെയ്തു. പൊതു വിസ്താരത്തെ പറ്റി അദ്ദേഹത്തിന് അറിയിപ്പ് ലഭിച്ചിട്ടില്ല എന്നാണ് അദ്ദേഹം പറഞ്ഞത്. തന്റെ ഭൂമി വളരെ വർഷങ്ങൾക്കു മുമ്പ് നികത്തിയ വയൽ ആണെന്നും അത് കരഭൂമിയായി രേഖകളിൽ മാറ്റാൻ അപേക്ഷ കൊടുത്തിട്ടുണ്ട് എന്നും അറിയിച്ചു. ഇതിൽ തീരുമാനമാകാതെ ഭൂമി ഏറ്റെടുത്താൽ തനിക്ക് വലിയ സാമ്പത്തിക നഷ്ടം ഉണ്ടാകും എന്ന് അറിയിച്ചു. ഇത്തരത്തിലുള്ള ആശങ്കകൾ മറ്റു ചില ഭൂഉടമകൾക്കും ഉള്ളതിനാലാണ് ഭൂമി വിട്ടുതരുവാൻ സമ്മതമല്ല എന്ന് പല ഭൂഉടമകളും നിലപാട് എടുക്കുന്നതെന്ന നിഗമനത്തിലാണ് സമിതി എത്തിചേർന്നത്. ഇത്തരം പ്രശ്നങ്ങളെ അനുഭാവപൂർവ്വം പരിഗണിച്ച് നിയമപരമായി അർഹമായ നഷ്ടപരിഹാരം നൽകണം എന്ന് സമിതി അഭിപ്രായപ്പെടുന്നു.

d. സ്ഥലം നഷ്ടമാകുന്ന പല വ്യക്തികളും തങ്ങളുടെ വീടിനോട് വളരെ സമീപത്തുകൂടിയാണ് മേൽപ്പാലം കടന്നുപോകുന്നത് എന്നും അത് അവരുടെ സ്വകാര്യതയെ ബാധിക്കുമെന്നും പൊതു വിസ്താരത്തിൽ ആശങ്ക അറിയിച്ചാതായി കാണുന്നു. ഇത്തരം ആഘാതങ്ങൾ കുറക്കുന്നതിനായി ശബ്ദവും പുകയും തടയുന്ന വേലികൾ (Noise barrier/sound wall / noise wall/sound berm/sound barrier/acoustical barrier) നിർമ്മിക്കുന്നത് പരിഗണിക്കേണ്ടതാണ്. ഇന്ത്യയിൽ ഇതിന്റെ ഉപയോഗം വളരെ കുറവണെങ്കിലും, വിദേശ രാജ്യങ്ങളിൽ അതിവേഗ പാതകളിലും മറ്റും ഇത് സർവ്വസാധാരണമായി ഉപയോഗിക്കുന്നുണ്ട്. ശബ്ദ മലിനീകരണം, വായു മലിനീകരണം എന്നിവ മൂലവും അപരിചിത വ്യക്തികളും വാഹനങ്ങളും സ്വകാര്യതയിലേക്ക് കടന്നു കയറും എന്ന ആശങ്കമൂലം ഉണ്ടാകുന്ന സാമൂഹ്യ പ്രത്യാഘാതം ഒരു പരിധിവരെ കുറയ്ക്കാൻ ഇത്തരം വേലികൾക്ക് സാധിക്കും.

e. ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തോട് ചേർന്ന് തങ്ങളുടെ ബാക്കിയാകുന്ന ചെറിയ സ്ഥലങ്ങൾ ഉപയോഗശൂന്യമാകും എന്നതിനാൽ അത്തരം സ്ഥലങ്ങൾകൂടി ഏറ്റെടുക്കണം എന്ന ചില ഭൂഉടമകളുടെ ആവശ്യം ന്യായമായിട്ടുള്ളതും അനുഭാവപൂർവ്വം പരിഗണിക്കേണ്ടതുമാണ്.

f. ഒരു വ്യക്തിക്ക് മാത്രമാണ് (സർവ്വേ നമ്പർ 351/2, ഫ്രിജു ആന്റണി) വീട് ഉപയോഗശൂന്യമാകും വിധം ഏറ്റെടുക്കൽ നടക്കുന്നത്. ഈ കുടുംബത്തിന് പുനരധിവാസത്തിന് പ്രത്യേക പരിഗണന നൽകേണ്ടതാണ്.

g. മേൽപ്പാല നിർമ്മാണത്തിനുശേഷം ബാധിതരായ വ്യക്തികളുടെ വീടുകളിലേക്കും



3/7/19
Dr. Chacko Jose P.
Associate Professor of Economics
Sacred Heart College
Chalakudy
Pin-680307, Thrissur, Kerala

സ്ഥലങ്ങളിലേക്കും സുഗമമായ ഗതാഗത സൗകര്യം ഉണ്ടെന്നു ഉറപ്പു വരുത്തേണ്ട താണ്.

മേൽപ്പറഞ്ഞ വസതുതകൾ പരിഗണിച്ച് പുതുക്കാട് മേൽപ്പാലം നിർമ്മിക്കുന്നതിനായി ഭൂമി ഏറ്റെടുത്താൽ സാമൂഹ്യ പ്രത്യാഘാതം ഏറ്റവും കുറവായിരിക്കും എന്ന് വിദഗ്ദ്ധസമിതി വിലയിരുത്തുന്നു. ആയതിനാൽ ഭൂമി ഏറ്റെടുക്കുന്നതിന് വിദഗ്ധ സമിതി ശുപാർശ ചെയ്യുന്നു.

2019 ജൂലൈ 3-ന് ചേർന്ന വിദഗ്ദ്ധ സമിതിയുടെ യോഗ തീരുമാനപ്രകാരം, സമിതിക്കുവേണ്ടി,

തൃശ്ശൂർ,
30-07-2019.

ചെയർപേഴ്സൺ

30/7/19

ഡോ. ചാക്കോ ജോസ്. പി.

Dr. Chacko Jose P.
Associate Professor of Economics
Sacred Heart College
Chalakudy
Pin-680307, Thrissur, Kerala

173357/2019/FC DCTSR

**RFCT LARR Act 2013 പ്രകാരം, തൃശ്ശൂർ ജില്ലയിൽ മുകുന്ദപുരം താലൂക്കിൽ തൊറവ് വില്ലേജിൽ പുതുക്കാട് റെയിൽവേ മേൽപ്പാല നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച് തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത റിപ്പോർട്ട് വിലയിരുത്തുന്നതിനായി ബഹുമാനപ്പെട്ട തൃശ്ശൂർ ജില്ലാ കലക്ടർ നിയമിച്ച വിദഗ്ധ സമിതി അംഗങ്ങൾ**

| ക്രമ നം | വിഭാഗം | പേരും വിലാസവും |
|---|---|---|
| 1 | രണ്ട് അനൗദ്യോഗിക സാമൂഹ്യ ശാസ്ത്രജ്ഞർ | 1. ഡോ. ചാക്കോ ജോസ് പി<br>അസ്സോസിയേറ്റ് പ്രൊഫസർ<br>സാമ്പത്തിക ശാസ്ത്ര വിഭാഗം<br>സേക്രഡ് ഹാർട്ട് കോളേജ്,<br>ചാലക്കുടി 680 307<br>(ചെയർപേഴ്സൺ) |
| | | 2. ഡോ ജോർജ് അലക്സ്<br>അസ്സോസിയേറ്റ് പ്രൊഫസർ<br>ചരിത്ര വിഭാഗം<br>St. തോമസ് കോളേജ്,<br>തൃശ്ശൂർ 680 001 |
| 2 | പുനരധിവാസ പ്രവർത്തനങ്ങളിൽ വിദഗ്ദരായ രണ്ട് പേർ | 3. ശ്രീ പ്രേംചന്ദ് കെ<br>സ്പെഷ്യൽ തഹസിൽദാർ (എൽ എ),)<br>തൃശ്ശൂർ കോർപ്പറേഷൻ<br>തൃശ്ശൂർ കോര്പറേഷൻ ഭരണ കാര്യാലയം<br>തൃശ്ശൂർ 680 001 |
| | | 4. ശ്രീ പി . കെ. ഗോപാലൻ<br>(റിട്ടയേർഡ് ഡെപ്യൂട്ടി കളക്ടർ)<br>പാടിയേടത്ത് വീട്,<br>തോന്നൂർക്കര പി. ഓ.,<br>തൃശ്ശൂർ 680 586 |
| 3 | സാങ്കേതിക വിദഗ്ധൻ | 5. ശ്രീ കെ. എ) . ചന്ദ്രൻ<br>(റിട്ടയേർഡ് ജനറൽ മാനേജർ, KSCC)<br>കൊണ്ടിയാറ വീട് ,<br>നന്ദനം, വടൂക്കര പി.ഓ.,<br>തൃശ്ശൂർ 680 007 |
| 4 | ബാധിക്കപ്പെട്ട സ്ഥലത്തെ രണ്ട് പഞ്ചായത്ത് പ്രതിനിധികൾ | 6. ശ്രീമതി അമ്പിളി ശിവരാജൻ<br>പ്രസിഡന്റ്<br>പുതുക്കാട് ഗ്രാമ പഞ്ചായത്ത് |
| | | 7. ശ്രീമതി ഫിലോമിന ഫ്രാൻസിസ്<br>പുതുക്കാട് ഗ്രാമ പഞ്ചായത്ത്<br>അംഗം |

30/7/19

**Dr. Chacko Jose P.**
**Associate Professor of Economics**
**Sacred Heart College**
Chalakudy
Pin 68..., ...sur, Kerala

**പുതുക്കാട് റെയിൽവേ മേൽപ്പാലത്തിന്റെ ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച് നടത്തിയ സാമൂഹിക ആഘാത പഠന റിപ്പോർട്ട് വിലയിരുത്താൻ ബഹുമാനപ്പെട്ട തൃശ്ശൂർ ജില്ലാ കളക്ടർ രൂപീകരിച്ച സമിതിയുടെ യോഗം**

**ജൂൺ 24, 2019, തിങ്കൾ, 11 മണി, സ്ഥലം: സ്പെഷ്യൽ തഹസിൽദാർ (എൽ എ) കാര്യാലയം, തൃശ്ശൂർ കോർപ്പറേഷൻ, തൃശ്ശൂർ**

1. K. Premchand Spl. Tahsildar L.A. Corporation [signature]
2. Ambili Sivarajan President Pudukad G.P. [signature]
3. Philomina Francis Pudukad G.P. Member. Philomina
4. K.A. Chandran Rtd. G.M K.S.C.C [signature]
5. P.K. Chandran, Dy. Collector (Retd) [signature]
6. Dr George Alex St Thomas College TCR [signature] 24/6/19
7. Dr. Chacko Jose P, Chair Person [signature] 24/6

## മിനിറ്റ്സ്

ബഹുമാനപ്പെട്ട തൃശ്ശൂർ ജില്ലാ കലക്ടറുടെ ഉത്തരവ് നമ്പർ DCTSR/4482/2018 E5 തിയ്യതി 10/06/2019 പ്രകാരം 7 അംഗങ്ങൾ അടങ്ങുന്ന വിദഗ്ദ്ധ സമിതിയെ നിയോഗിക്കുയുണ്ടായി. സമിതി അംഗങ്ങളുടെ വിശദ വിവരം അന്യത്ര ചേർത്തിട്ടുണ്ട്. സമിതിയുടെ ആദ്യ യോഗം 2019 ജൂൺ 24 ന് സ്പെഷ്യൽ തഹസിൽദാർ (എൽ. എ) തൃശ്ശൂർ കോർപ്പറേഷൻ കാര്യാലയത്തിൽ ചെയർപേഴ്സൺ ചാക്കോ ജോസ്. പി. യുടെ അധ്യക്ഷതയിൽ 11 മണിക്ക് ചേർന്നു. സമിതിയിലെ എല്ലാ അംഗങ്ങളും സന്നിഹിതരായിരുന്നു. സമിതി സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിശകലനം ചെയ്തു. റിപ്പോർട്ടിൽ ചില കാര്യങ്ങളിൽ വ്യക്തത ഇല്ല എന്ന് സമിതി വിലയിരുത്തി.

1. 2019 ഫെബ്രുവരി 27-നു പുതുക്കാട് പഞ്ചായത്ത് ഹാളിൽ വെച്ച് നടത്തിയ പൊതു വിസ്താരത്തിന്റെ റിപ്പോർട്ടിൽ പറയുന്നത് പ്രകാരം ബാധിതരായ 15 വ്യക്തികളിൽ ഭൂരിഭാഗം പേരും മേൽപ്പാലത്തിന്റെ അലൈൻമെന്റിൽ മാറ്റം വരുത്തണം എന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ സാമൂഹ്യ പ്രത്യാഘാതപഠന റിപ്പോർട്ടിൽ (പേജ് 30) അലൈൻമെന്റ് അന്തിമമാണെന്ന് ആർ.ബി.ഡി.സി.കെ. അറയിച്ചു എന്ന് മാത്രമേ പ്രസ്താവിച്ചിട്ടുള്ളൂ. മറ്റ് അലൈൻമെന്റുകൾ പരിഗണിച്ചോ എന്ന് വ്യക്തമല്ല. അതു പോലെ ചില വ്യക്തികൾ അലൈൻമെന്റിൽ വളരെ ചെറിയ മാറ്റം വരുത്തണം എന്ന് ആവശ്യപ്പെട്ടതായി കണ്ടു. ഉദാഹരണത്തിന്, സർവ്വേ നമ്പർ 351/2 താമസക്കാരി യായ ഏഞ്ചൽ മേരി 68 വയസ്സുള്ള വിധവയാണ്. ആരോഗ്യ പ്രശ്നങ്ങൾ ഉള്ള തിനൽ വീടിനടുത്തേക്കു വാഹനം വരുവാൻ റാമ്പ് നിർമിച്ചിരിക്കുന്നു. നിർമ്മാ ണത്തിനായി ഗെയ്റ്റ് പൊളിക്കുമ്പോൾ റാമ്പിനു ബലക്ഷയം ഉണ്ടാകാൻ ഇടയുള്ള തിനാൽ അലൈൻമെന്റ് 1 മീറ്റർ മുന്നോട്ടു നീക്കണം എന്ന് ആവശ്യപ്പെടുന്നു. ഇത്തരത്തിലുള്ള ആവശ്യങ്ങൾ മറ്റ് പല വ്യക്തികളും മുന്നോട്ടു വെച്ചിട്ടുണ്ട്.

2. നിർദ്ദിഷ്ട റെയിൽവേ മേൽപ്പാലം രണ്ടു റെയിൽവേ ഗേറ്റുകൾക്കിടയിൽ വരും വിധ മാണ് വിഭാവനം ചെയ്തിരിക്കുന്നത് എന്ന് സമിതി അംഗമായ പുതുക്കാട് പഞ്ചാ യത്ത് പ്രസിഡന്റ് ശ്രീമതി. അമ്പിളി ശിവരാജൻ സമിതിയെ അറിയിച്ചു. (ഈ വിവരം സാമൂഹ്യ പ്രത്യാഘാത റിപ്പോർട്ടിൽ പ്രതിപാദിച്ചു കണ്ടില്ല). ആയതുകൊ ണ്ടാണ് അലൈൻമെന്റ് ഇപ്പോൾ ഉള്ളതുപോലെ വന്നത് എന്ന് പഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചു.

3. മറ്റു ചിലർ തങ്ങളുടെ ബാക്കിയാവുന്ന സ്ഥലത്തേക്ക് വഴി നഷ്ടപ്പെടും എന്ന് പരാതിപ്പെട്ടതായി കണ്ടു. എന്നാൽ സാമൂഹ്യപ്രത്യാഘാത പഠന റിപ്പോർട്ടിൽ (പേജ് 30) സർവീസ് റോഡ് ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് ആർ.ബി.ഡി.സി.കെ. അറി യിച്ചു എന്ന് മാത്രമേ പ്രസ്താവിച്ചിട്ടുള്ളൂ. പരാതി ഉന്നയിച്ചവരുടെ പ്രശ്നങ്ങളെ പറ്റി വിശദമായി പ്രതിപാദിച്ചിട്ടില്ല.

ഇക്കാര്യങ്ങളിൽ വ്യക്തത വരുത്താൻ ആർ.ബി.ഡി.സി.കെ ഉദ്യോഗസ്ഥരോട് സമിതിയുടെ ഫീൽഡ് സന്ദർശന വേളയിൽ ഹാജരാകാൻ ആവശ്യപ്പെടാൻ തീരുമാനി ച്ചു.

തൃശ്ശൂർ,
24-06-2019.

ചെയർപേഴ്സൺ

ഡോ. ചാക്കോ ജോസ്. പി.

Dr. Chacko Jose P.
Associate Professor of Economics
Sacred Heart College
Chalakudy
Pin-680307, Thrissur, Kerala

173357/2019/FC DCTSR

**പുതുക്കാട് റെയിൽവേ മേൽപ്പാലത്തിന്റെ ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച് നടത്തിയ സാമൂഹിക ആഘാത പഠന റിപ്പോർട്ട് വിലയിരുത്താൻ ബഹുമാനപ്പെട്ട തൃശ്ശൂർ ജില്ലാ കളക്ടർ രൂപീകരിച്ച സമിതിയുടെ ഫീൽഡ് സന്ദർശനം**

**ജൂലൈ 3, 2019, ബുധൻ, 11 മണി,**
**സ്ഥലം: നിർദിഷ്ട റെയിൽവേ മേൽപാലം പരിസരം, പുതുക്കാട്**

1. K. Premchand. LA, Spl. Tahsildar, TSR Corpn.
2. K.A. CHANDRAN G.M(P) K.S.C.C
3. Dr George Alex St Thomas' College, TCR
4. Ambili Sivarajan President
5. Philomina Francis. Member. P.K.D.G.P.
6. P.K. Gopalan Dy. Collector (Retd) 3/7/19
7. Chacko Jose P. Chairperson

## <u>മിനിറ്റ്സ്</u>

2019 ജൂലൈ 3-ന് 11 മണിക്ക് പുതുക്കാട് റെയിൽവേ മേൽപ്പാലം നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം സമിതി സന്ദർശിച്ചു. സമിതിയിലെ എല്ലാ അംഗങ്ങളും സന്നിഹിതരായിരുന്നു. സമിതിയുടെ ആവശ്യപ്രകാരം ആർ.ബി.ഡി.സി.കെ. ഉദ്യോഗസ്ഥരായ പി. രാജൻ (ഡെപ്യൂട്ടി കലക്ടർ), ശ്രീമതി. ദിവ്യ (മാനേജർ) എന്നിവർ ഹാജരാവുകയും സമിതിയുടെ ഫീൽഡ് സന്ദർശനത്തിൽ പങ്കെടുത്ത് സമിതിയുടെ സംശയങ്ങൾക്ക് മറുപടി തരികയും ചെയ്തു. രണ്ടു കാര്യങ്ങളിലാണ് സമിതി ആർ.ബി.ഡി.സി.കെ. യിൽ നിന്ന് വിശദീകരണം തേടിയത്. (1) സാധ്യമായ എല്ലാ അലൈൻമെന്റുകളും പരിഗണിച്ചതിനു ശേഷമാണോ അന്തിമ അലൈൻമെന്റ് തീരുമാനിച്ചത് എന്നതാണ്.

2019 ജൂലൈ 3-ന് 11 മണിക്ക് പുതുക്കാട് റെയിൽവേ മേൽപ്പാലം നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം സമിതി സന്ദർശിച്ചു. സമിതിയിലെ എല്ലാ അംഗങ്ങളും സന്നിഹിതരായിരുന്നു. സമിതിയുടെ ആവശ്യപ്രകാരം ആർ.ബി.ഡി.സി.കെ. ഉദ്യോഗസ്ഥരായ പി. രാജൻ (ഡെപ്യൂട്ടി കലക്ടർ), ശ്രീമതി. ദിവ്യ (മാനേജർ) എന്നിവർ ഹാജരാവുകയും സമിതിയുടെ ഫീൽഡ് സന്ദർശനത്തിൽ പങ്കെടുത്ത് സമിതിയുടെ സംശയങ്ങൾക്ക് മറുപടി തരികയും ചെയ്തു. രണ്ടു കാര്യങ്ങളിലാണ് സമിതി ആർ.ബി.ഡി.സി.കെ. യിൽ നിന്ന് വിശദീകരണം തേടിയത്. (1) സാധ്യമായ എല്ലാ അലൈൻമെന്റുകളും പരിഗണിച്ചതിനു ശേഷമാണോ അന്തിമ അലൈൻമെന്റ് തീരുമാനിച്ചത് എന്നതാണ്. മറ്റു സധ്യതകൾ പരിഗണിച്ചു എന്നും രണ്ടു ലെവൽ ക്രോസിങ്ങുകൾക്കു മധ്യേയാണ് നിർദിഷ്ട റെയിൽവേ മേൽപ്പാലം എന്നതിനാൽ ഇതിനു പരിമിതികൾ ഉണ്ട് എന്നും അവർ അറിയിച്ചു. (2) മേൽപ്പാല നിർമ്മാണത്തിനുശേഷം വീടുകളിലേക്കും അവശേഷിക്കുന്ന ഭൂമിയിലേക്കും സുഗമമായ യാത്ര സൗകര്യം ഉണ്ടാകുമോ. എന്നതാണ്. ഗതാഗത സൗകര്യത്തിനു സർവ്വീസ് റോഡുകൾ ഉണ്ടാകുമെന്ന് അവർ അറിയിച്ചു. സാമൂഹ്യ പ്രത്യാഘാത റിപ്പോർട്ടിനൊപ്പം ചേർത്തിട്ടുള്ള നിർദ്ദിഷ്ട പദ്ധതിയുടെ ഭൂപടം (പേജ് 31) വളരെ ചെറുതും അവ്യക്തവും ആയതിനാൽ ഭൂപടത്തിന്റെ ഒരു പതിപ്പ് ആർ.ബി.ഡി. സി.കെ. യോട് ആവശ്യപ്പെട്ടിരുന്നു. ആയതിന്റെ ഒരു ഇലക്ട്രോണിക്ക് പതിപ്പ് ഇ-മെയിൽ വഴി ലഭ്യമാക്കി.

സമിതി അംഗങ്ങൾക്കൊപ്പം മുഴുവൻ സമയവും സൈറ്റ് സന്ദർശനത്തിന് വരികയും സമിതിയുടെ സംശയങ്ങൾക്ക് വിശദമായി തെളിവുകൾ സഹിതം വിശദീകരണം തരുകയും ചെയ്ത ആർ.ബി.ഡി.സി.കെ ഉദ്യോഗസ്ഥരുടെ ആത്മാർത്ഥ സഹകരണത്തിന് സമിതി പ്രത്യേകം നന്ദി അറിയിക്കുന്നു.

സന്ദർശന ശേഷം സമിതി യോഗം ചേരുകയും സമിതിയുടെ അന്തിമ കരട് റിപ്പോർട്ട് ചർച്ച ചെയ്യുകയും ചെയ്തു. അന്തിമ റിപ്പോർട്ട് തയ്യാറക്കി സമർപ്പിക്കാൻ ചെയർപേഴ്സൺ ചാക്കോ ജോസ് പി.യെ ചുമതലപ്പെടുത്തുകയും ചെയ്തു.

തൃശ്ശൂർ,
03-07-2019.

ചെയർപേഴ്സൺ

ഡോ. ചാക്കോ ജോസ്. പി.

**Dr. Chacko Jose P.**
**Associate Professor of Economics**
**Sacred Heart College**
**Chalakudy**
**Pin-680307, Thrissur, Kerala**